**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 864** **10-08-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പട്ടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ കോളനികളിലെയും പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | മറുപടി (എ ) പിരിവിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട് |
| (സി) | ഓരോ കോളനികളിലെയും പദ്ധതിയുടെ ഭരണാനുമതിയായ തീയതി, പ്രവൃത്തി ആരംഭിക്കാൻ നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തീയതി, പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എന്നിവ അറിയിക്കാമോ; | (സി) | മറുപടി (എ ) പിരിവിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട് |
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | (ഡി) | ഏജൻസിയുടെ ഭാഗത്തുള്ള കാലതാമസവും എസ്റ്റിമേറ്റിൽ റിവിഷൻ വരുന്നത് കാരണവും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്നുണ്ട്. |
| (ഇ) | പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ നിർവ്വഹണ ഏജൻസിയെ പങ്കെടുപ്പിച്ച് അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ നിർമാണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു .ഫീൽഡ് തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു യഥാസമയം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ ,ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നീ തലങ്ങളിൽ ഇടപെടുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | വർഷം | കോളനിയുടെ പേര് | ഭരണാനുമതി തീയതി | പ്രവൃത്തി ആരംഭിക്കാൻ ഏജൻസിക്ക് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി | പുരോഗതി |
|---|---|---|---|---|---|---|
| 1 | 2016-17 | കാരന്താട് കോളനി | - | | | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | 2016-17 | മാടക്കാംപൊയിൽ കോളനി | - | | | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | 2019-20 | കുക്കാനം കോളനി | 10.02.2021 | 28.06.2021 | 10 മാസം | പ്രവൃത്തി ഭാഗികമായി പൂർത്തിയായി. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 4 | 2021-22 | കൊരമ്പക്കല്ല് കോളനി | 19.02.2023 | 05.04.2023 | 10 മാസം | പ്രവൃത്തി ആരംഭിച്ചു. |
| 5 | 2021-22 | മേനോൻകുന്ന് കോളനി | ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. | ഏജൻസിക്ക് കൈമാറിയിട്ടില്ല | MOU ഒപ്പു വച്ച് 10 മാസത്തിനുള്ളിൽ | എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |